സർ, എന്റെ നിയോജകമണ്ഡലത്തിൽപെട്ട 'മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിൽ' ഉണ്ടായ തൊഴിൽകുഴപ്പംമൂലം ജൂലൈ ഒന്നാംതീയതി മുതൽ തൊഴിലാളികൾ സത്യാഗ്രഹത്തിലും സമരത്തിലും ഏർപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ നാലു സംവത്സരക്കാലമായി ഈ പ്രസ് മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ ഒരു കേസു നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒക്ടോബറിൽ ഇതു സംബന്ധിച്ചു ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുകയുണ്ടായി. എന്നാൽ ആ ഒത്തുതീർപ്പു വ്യവസ്ഥകൾക്കെതിരായി മാനേജ്മെന്റ് അകാരണമായി ജാനുവരി ഒന്നാംതീയതി മുതൽ 12 തൊഴിലാളികളെ പിരിച്ചുവിട്ടിരിക്കുകയാണ്. പിരിച്ചുവിടാൻ പാടില്ലെന്നുണ്ടായിരുന്ന അവാർഡിനെ നിഷേധിച്ചുകൊണ്ടാണു അങ്ങനെ ചെയ്തിട്ടുള്ളതു്. ഈ ഒത്തുതീർപ്പിനുണ്ടായ സാഹചര്യത്തെപ്പറ്റി ഞാൻ വിശദമാക്കാനാഗ്രഹിക്കുന്നു. ഇന്നു ഫാക്ടറി ആക്ട് നിലവിലുണ്ടെങ്കിലും പല മുതലാളിമാരും തൊഴിലാളികളുടെ അവകാശസംരക്ഷണത്തിൽ വളരെ അനാസ്ഥയാണ് കാണിച്ചുവരുന്നതു്. തൊഴിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും അങ്ങനെയാണ്. തൊഴിലാളികളെ സംബന്ധിച്ചോ, തൊഴിലാളികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചോ യാതൊരു ബന്ധവുമില്ലാത്ത ഒരു വ്യക്തിയെയാണ് എറണാകുളം ട്രിബ്യൂണലായിട്ടു നിയമിച്ചിരിക്കുന്നതു്. അതു തൊഴിലാളികളോടു ചെയ്തിട്ടുള്ള ഒരു കടുത്ത അനീതിയാണ്. വഴിയെപോയ ഒരു യൂണിയൻ സെക്രട്ടറിയെ വിളിച്ചു വരുത്തി ഒരു ഒത്തുതീർപ്പു സ്റ്റേറ്റ്മെന്റിൽ ഒപ്പിടുവിക്കുകയാണ് ചെയ്തതു്. ഒത്തുതീർപ്പു ധാരണയ്ക്കു വിപരീതമായിട്ടാണ് 12 തൊഴിലാളികളെ പിരിച്ചുവിട്ടതു്. ഇങ്ങനെ പിരിച്ചുവിടപ്പെട്ടവർ പത്തും പതിനൊന്നും കൊല്ലത്തെ സർവീസുള്ളവരാണ്. ഈ പ്രതിസന്ധി ഘട്ടത്തിൽ അവിടെ സംജാതമാകാൻ പോകുന്ന കുഴപ്പങ്ങൾക്കു പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഈ വിവരം കൊണ്ടുവരികയാണ്. അവാർഡിന്റെ അടിസ്ഥാനത്തിൽ പിരിച്ചുവിടാൻ പാടില്ലാത്ത തൊഴിലാളികളെ പിരിച്ചുവിട്ടിട്ടു് അവാർഡു നടപ്പിലാക്കാതിരിക്കുകയാണ്. അവാർഡു നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്നു് അധികൃതരേയും അറിയിച്ചിട്ടുണ്ടു്. തൊഴിലാളിയുടെ ഗവണ്മെന്റ് എന്നു് അഭിമാനിക്കുന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് അധികാരത്തിൽ ഇരുന്നിട്ടും ഇതേ അനുഭവം ഉണ്ടാകുന്നതു് ഖേദകരമാണ്. ജൂലൈ ഒന്നാം തീയതിമുതൽ സത്യാഗ്രഹം ആരംഭിച്ചിരിക്കുന്ന തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനു അടിയന്തിരമായ നടപടികൾ സ്വീകരിക്കുമെന്നും, ഗവണ്മെന്റ് തൊഴിലാളികൾക്കു് എല്ലാ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുമെന്നും വിശ്വസിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) : സർ, 'മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സ്' കത്തോലിക്കാ പുരോഹിതന്മാർ ധർമ്മസ്ഥാപനമായിട്ടു് നടത്തുന്ന ഒരു പ്രസ്സാണ്. ആ സ്ഥാപനം നടത്തുന്നവർ ഇത്ര ഹൃദയശൂന്യമായിട്ടുള്ള നടപടികളിൽ ഏർപ്പെടുമെന്നു് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്പോൾ മാത്രമാണ് അറിയുന്നതു്. അതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**Mr. Speaker**: Now the hon. Minister for Finance will continue his reply speech.

## FINANCIAL BUSINESS.

## DEMANDS FOR SUPPLEMENTARY GRANTS.

### (i) Demand—IX General Administration.

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (തുടർച്ച) സർ, മന്ത്രിമാരുടെ ചെലവുകൾ സംബന്ധിച്ചു് ആവശ്യപ്പെട്ടിട്ടുള്ള ടെലഫോൺ ചാർജസ് വളരെ കൂടുതലാണെന്നു ബഹുമാനപ്പെട്ട മെംബർ പി. രാമുണ്ണിക്കുറുപ്പ് ഇവിടെ പറയുകയുണ്ടായി. അതു് അത്ര ശരിയല്ലെന്നാണ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്. കാരണം ചില അനുഭവങ്ങൾ വച്ചുകൊണ്ടു ഞാൻ വ്യക്തമാക്കാം. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുതവണ ലജിസ്ലേറ്റീവ് അസംബ്ലി സമ്മേളിക്കുകയുണ്ടായി. അതുസംബന്ധിച്ചു മെംബറന്മാരുമായി സമ്പർക്കം പുലർത്തുന്നതിനും മററുമായി ടെലഫോൺ ചാർജസിനു്

[ശ്രീ. സി. അച്യുതമേനോൻ]

ഏഴായിരം രൂപവരെ ചെലവായിട്ടുണ്ടെന്ന് റഫായിട്ടു കണക്കാക്കിയിട്ടുണ്ട്. ഇതൊരു താൽക്കാലികച്ചെലവു മാത്രമാണ്. ഇന്നത്തെ കാലഘട്ടത്തിൽ പണ്ടത്തെപ്പോലെയല്ല, ഗവണ്മെന്റ് കാര്യങ്ങൾ വേഗത്തിലും, സത്വരമായിട്ടും ചെയ്തുകിട്ടണമെന്നാണ് നാട്ടുകാർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് ഇന്നു ഡൽഹിയുമായി ട്രങ്ക്ടെലഫോൺ മുഖേന ബന്ധം പുലർത്തുന്നതിനോ മലബാറിൽത്തന്നെ എന്തെങ്കിലും അടിയന്തിരാവശ്യത്തിനു കളക്ടറുമായി ഫോൺ ബന്ധം പുലർത്തുന്നതിനോ ആവശ്യം നേരിട്ടുവെന്നുവരും. അങ്ങനെ നോക്കുമ്പോൾ ഈ സംഖ്യ കൂടുതലാണെന്നു പറയുന്നതു ശരിയല്ലെന്നു വ്യക്തമാകുന്നതാണ്. അതിനെ സംബന്ധിച്ച് ഇതിൽ കൂടുതലായി ഈ അവസരത്തിൽ എനിക്ക് ഒന്നും പറയാനില്ല.

സർ, പിന്നെ ഇവിടെ ചർച്ചാവിഷയമായത് നിയമപുസ്തകങ്ങൾ മലയാളത്തിലേക്കു തർജ്ജിമചെയ്യുന്നതിനെപ്പററിയാണ്. ആ നടപടിയിൽ മിക്കവാറും എല്ലാവരുംതന്നെ അനുകൂലിക്കുന്നതായിട്ടാണു കണ്ടത്. അതിൽ ഞാൻ സന്തോഷിക്കുന്നു. ഒരു ബഹുമാനപ്പെട്ട മെംബർമാത്രം അതിൽ ആശങ്ക പ്രകടിപ്പിച്ചതായി കണ്ടു. ഈ സംസ്ഥാനത്തു ബോധനഭാഷ മലയാളത്തിലായാൽ ഉണ്ടാകാവുന്ന തകരാറിനെപ്പററിയും മററും പറഞ്ഞിട്ടുള്ളതിനെക്കുറിച്ച് ഇപ്പോൾ പറയുന്നതു പ്രസക്തമല്ലാത്തതിനാൽ അതിന് ഈയവസരം ഉപയോഗിക്കുന്നില്ല. അതിന്മേലുള്ള അഭിപ്രായം എന്തെങ്കിലും ആയിക്കൊള്ളട്ടെ. സാധാരണ ജനങ്ങൾക്ക് ഇവിടെ നിലവിലുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളം അറിവു നൽകത്തക്കവിധം നിയമപുസ്തകങ്ങൾ തർജ്ജിമചെയ്യണമെന്ന കാര്യത്തിൽ അവർക്കു വിദഗ്ദ്ധമായ അറിവു നൽകുന്നതിനല്ലെങ്കിലും സാമാന്യമായിട്ടെങ്കിലും അറിവുണ്ടാകുന്നതിന് എടുത്തിട്ടുള്ള ഒരു നടപടിയെന്ന നിലയിൽ ഇതിനെ എല്ലാവരും സ്വീകരിച്ചിട്ടുള്ളത് സന്തോഷകരമാണ്. പക്ഷെ, അതിനുവേണ്ടി ഇവിടെ എടുത്തിട്ടുള്ള നടപടി ശരിയാണോ എന്നുള്ളതാണ് ഇവിടെ വാദവിഷയമായത്. ഇതു ഈനാട്ടിൽ മാത്രമുള്ള ഒരു പുതിയ നടപടിയാണെന്നും മറെറാരു സ്ഥലത്തും ഇത് അംഗീകരിച്ചിട്ടില്ലാത്തതാണെന്നും ചിലർ പറയുകയുണ്ടായി. അതു തെററാണ്. ഇന്ത്യാഗവണ്മെന്റുതന്നെ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾത്തന്നെ ഇന്ത്യൻ ഭരണഘടന മലയാളത്തിലേക്കു തർജ്ജിമചെയ്യാൻ ഒരുകമ്മിററിയെ ചുമതലപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ആ കമ്മിററിയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രീ. മുണ്ടശ്ശേരി, ഇവിടത്തെ ഒരു എം. പി. യായ ശ്രീ. സി. നാരായണപിള്ള, ശ്രീ. വി. കെ. കെ. മേനോൻ, ഡാക്ടർ ചേലനാട്ടു സി. അച്യുതമേനോൻ എന്നിവർ അംഗങ്ങളായിരുന്നു. അതിന് അവർക്കൊരു പ്രതിഫലം കൊടുക്കുകയുമുണ്ടായിട്ടുണ്ട്. ഇങ്ങനെ മററു ഗവണ്മെന്റുകളും ചെയ്യാറുണ്ട്. ആവശ്യമുള്ള നിയമപുസ്തകങ്ങൾ അഭിഭാഷകന്മാരായ ആളുകളെയും, നിയമം പഠിച്ചിട്ടുള്ള ഭാഷാപണ്ഡിതന്മാരെയും, ഒരു പാർട്ടു ടൈം ജോബ് എന്ന നിലയിൽ തർജ്ജിമ ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും തർജ്ജിമ ചെയ്യപ്പെടുന്ന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതുകൊണ്ട് അവസംബന്ധിച്ച റൂൾസും ചട്ടങ്ങളും മററും ഉണ്ടാക്കേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ കാര്യം സംബന്ധിച്ച് ഒരു ആക്ഷേപം പറഞ്ഞത്, ഈ സഭയ്ക്ക് ഇതു സംബന്ധിച്ച വിവരങ്ങൾ കൂടുതലായി ലഭിച്ചിട്ടില്ലെന്നാണ്. അങ്ങനെ വിശദമായ വിവരങ്ങൾ ഈ സഭയ്ക്കു നൽകേണ്ടതാണ്. സാധാരണ ഇങ്ങനെ ബഡ്ജററ് അവതരിപ്പിക്കുമ്പോൾ ഗവണ്മെന്റ് കൊണ്ടുവരുന്ന പുതിയ പരിപാടികളെ സംബന്ധിച്ച് ചില സൂചനകൾ മാത്രം നൽകുകയല്ലാതെ ഡീറെറയിൽസായിട്ടു മുഴുവൻ വിവരവും നൽകുന്ന പതിവില്ല, അതു സാദ്ധ്യവുമല്ല. ഞാൻ പല ബഡ്ജററുകളും പരിശോധിച്ചതിൽ അങ്ങനെ കണ്ടിട്ടില്ല. തർജ്ജിമയെ സംബന്ധിച്ച വിവരങ്ങൾ ഏകദേശം താഴെ പറയുംപ്രകാരമാണ്.

'Translation of standard text books on legal terms' അല്ലെങ്കിൽ 'translation of standard commentaries on statutes' അല്ലെങ്കിൽ 'original translation of law books in Malayalam'.

LIBRARY ARCHIVES Kerala Legislative Assembly

32656



ഈ കാര്യങ്ങളെ സംബന്ധിച്ച് ഏതുനിലയിൽ ഗ്രാൻറ നൽകണം അതു് എന്തടിസ്ഥാനത്തിലായിരിക്കണം എന്നും മററും പരിശോധിക്കുന്നതിനും തീരുമാനിക്കുന്നതിനും ഒരു കമ്മിററിയെ നിയമിക്കണമെന്നു ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടു്. ഈ സ്കീം അനുസരിച്ച് ആരെങ്കിലും പുസ്തകങ്ങൾ തർജ്ജിമ ചെയ്യുകയാണെങ്കിൽ അതു പ്രസിദ്ധീകരിക്കുന്നതെങ്ങനെ, ആ വക (കൃതി)തന്നെ നല്ലതാണോ, വല്ല പിശകും വന്നുചേർന്നിട്ടുണ്ടോ, തർജ്ജിമ ശരിയായോ എന്നും മററും പരിശോധിക്കണം. അതിനും പുറമെ അതു സ്വീകാര്യമെങ്കിൽ അതിനു പ്രതിഫലം ഒരു ലംപ്സം കൊടുക്കുകയാണോ, അതല്ല, ബുക്കു പ്രസിദ്ധീകരിച്ചതിനുശേഷം അതിൻെറ ആവശ്യമുള്ള കാപ്പികൾ വാങ്ങി വിതരണം ചെയ്യുകയാണോ വേണ്ടതു് എന്നും ആലോചിക്കേണ്ടതാണു്. അതിനുവേണ്ടിയാണു് ഒരു കമ്മിററിയെ നിയമിക്കണമെന്നു വിചാരിക്കുന്നതു്. കമ്മിററി മെംബറന്മാർ, അഡ്വക്കേററുജനറൽ, ഹൈക്കോടതി തിരഞ്ഞെടുക്കുന്ന ഒരു ഡിസ്ട്രിക്ട് ജഡ്ജി, അഡ്വക്കേററ്സ് അസോസിയേഷനിൽനിന്നും പ്രസിഡൻറു് നാമിനേററുചെയ്യുന്ന ഒരംഗം, രണ്ടുലാക്കാളേജിലെ ഏതെങ്കിലും ഒരു പ്രിൻസിപ്പൽ, പിന്നെ ഗവണ്മെൻറ നാമിനേററുചെയ്യുന്ന ഒന്നോ രണ്ടോ അഡ്വക്കേററന്മാർ ഇവരായിരിക്കും. ഇങ്ങനെയൊരു കമ്മിററിയുണ്ടാക്കി ഈ കാര്യങ്ങൾ ആ കമ്മിററിയുടെ മേൽനോട്ടത്തിൽ നടത്തുന്നതിനാണു ഗവണ്മെൻറ വിചാരിക്കുന്നതു്.

അതുകൊണ്ടു് ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ സൂചിപ്പിക്കുന്ന തരത്തിലുള്ള ആശങ്കകൾക്കൊന്നും അടിസ്ഥാനമില്ലെന്നാണു് എനിക്കു അറിയിക്കാനുള്ളതു്. നമുക്കാവശ്യമായിട്ടുള്ള നിയമപുസ്തകങ്ങൾ ജനങ്ങൾക്കുപകാരപ്രദമായ രീതിയിൽ, അവർക്കുകൂടി മനസ്സിലാകത്തക്കവണ്ണം ഉള്ള പരിപാടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതുകൊണ്ടുമാത്രം വിഷമങ്ങൾ തീരുമെന്നു ഗവണ്മെൻറിനഭിപ്രായമില്ല. ഗവണ്മെൻറ പാസ്സാക്കുന്ന നിയമങ്ങൾ പഠിച്ചു മനസ്സിലാക്കത്തക്ക നിലയിൽ കൂടുതൽ വിപുലമായ തോതിൽ നടത്തേണ്ടിവരും. ഏതായാലും ഈ പരിമിതമായ നടപടിയിൽ മെംബറന്മാർ ആശങ്ക പ്രകടിപ്പിച്ചതു് അസ്ഥാനത്താണെന്നാണു് എൻെറ അഭിപ്രായം. ആവശ്യമായിട്ടുള്ള കരുതൽ നടപടി ഗവണ്മെൻറു് എടുത്തിട്ടുണ്ടു്.

പിന്നീടു പ്രധാനപ്പെട്ട ഒരു വിമർശനം ശ്രീമാൻ നാരായണക്കുറുപ്പു് ഉന്നയിച്ചതാണു്. അതായതു് ബോർഡു് ആഫ് റവന്യൂവിൻെറ റീആർഗനൈസേഷൻ സംബന്ധിച്ചു ചില കാര്യങ്ങൾ അദ്ദേഹം പറയുകയുണ്ടായി. നമ്മുടെ ഭരണയന്ത്രം വളരെയധികം ഭാരിച്ചതായിത്തീർന്നിട്ടുണ്ടു്. അതുകൊണ്ടു് അതിൻെറ ചെലവു ചുരുക്കാനുള്ള നടപടികളെപ്പററി ആലോചിക്കേണ്ടതാണു്. കൂടുതൽ ചെലവുണ്ടാകത്തക്ക നടപടികൾ ആവിഷ്കരിക്കരുതു്, എന്നിങ്ങനെയുള്ള ഫലപ്രദമായ സംഗതികൾ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ സമീപനത്തോടു വളരെ യോജിപ്പാണു് ഗവണ്മെൻറിനുള്ളതു്. പക്ഷെ ഈ കാര്യത്തിൽ അതു നടപ്പിലാക്കാൻ പ്രത്യേക ബുദ്ധിമുട്ടുകൾ ഉണ്ടു്. അതിൽനിന്നും അതു സ്വീകരിക്കാതെ ഒഴിഞ്ഞുമാറാൻവേണ്ടി പറയുകയല്ല. ബോർഡു് ആഫ് റവന്യൂ റീആർഗനൈസ് ചെയ്യേണ്ടതാണെന്നു് ബോർഡുതന്നെ നിർദ്ദേശിച്ചിട്ടുണ്ടു്. ഗവണ്മെൻറ സാംഗ്ഷൻ ചെയ്തുകഴിഞ്ഞതുമാണു്. മലബാർകൂടി ചേർത്തു് മറെറല്ലാ സ്റ്റേററുകളിലെയുംപോലെ ഇവിടെയും ഭദ്രമായിട്ടുള്ള ഒരു റവന്യൂബോർഡു് സംഘടിപ്പിക്കുന്നതിനാവശ്യമുള്ള സ്റ്റാഫിനെ കൂട്ടാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു. വളരെ വിപുലമായ പരിപാടി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഒന്നോ രണ്ടോ ക്ലാർക്കന്മാരെയോ സൂപ്രണ്ടന്മാരെയോ എടുക്കാൻ മാത്രമേ ഉദ്ദേശിക്കുന്നുള്ളു. അതിനു മാത്രമുള്ള തുകയേ കൊള്ളിച്ചിട്ടുള്ളു. ഏതായാലും ശ്രീമാൻ നാരായണക്കുറുപ്പു പറഞ്ഞ അഭിപ്രായത്തെ അതേ സ്പിരിററിൽത്തന്നെ അംഗീകരിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ടു് എല്ലാം ശരിയാക്കാൻ സാധിച്ചിട്ടില്ല. ചെലവു ചുരുക്കുന്ന കാര്യങ്ങൾക്കു് ഒരു ഹൈപവ്വർ കമ്മിററിയെ നിയമിക്കാൻ ആലോചിക്കുന്നുണ്ടു്. മദ്രാസിൽ ഒരു സ്പെഷ്യലാഫീസറെ നിയമിക്കുകയുണ്ടായി. സെൻട്രൽ ഗവണ്മെൻറ സ്വീകരിച്ചുവരുന്ന പല പരിപാടികളെക്കുറിച്ചും നാം പത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്ചുതമേനോൻ]

വായിക്കുകയുണ്ടായി. ഇതെല്ലാംവച്ചു നോക്കി ഏതു പരിപാടിയാണു സ്വീകാര്യമായിട്ടുള്ളതെന്നു പരിശോധിച്ചു വേണ്ടതു ചെയ്യാൻ ഒരുക്കമാണ്. യാതൊരു തീരുമാനവും ഗവണ്മെൻറ് ഇതുവരെ എടുത്തിട്ടില്ല. ഇത്രമാത്രമാണ് ഇവിടെ നടന്ന ചർച്ചകളെ സംബന്ധിച്ച് എനിക്കു പറയുവാനുള്ളതു്. ഈ ഡിമാൻറ് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞാൻ ഇന്നലെ സംസാരിക്കുമ്പോൾ കാപ്പിസൽക്കാരത്തിനുള്ള സംഖ്യ വേണ്ടെന്നു പറഞ്ഞതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സംഖ്യ നീക്കിവയ്ക്കുന്നതിൻെറ അനൗചിത്യത്തെക്കുറിച്ചാണ് സംസാരിച്ചതു്. അതിഥി സൽക്കാരം ചെയ്യണ്ടാ എന്നു ഞാൻ പറഞ്ഞതായി ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചതുകൊണ്ട് അങ്ങനെയല്ല ഞാൻ പറഞ്ഞതു് എന്നു വ്യക്തമാക്കുകയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: മുൻകാലങ്ങളിൽ തിരുവിതാംകൂറിലെ നിയമങ്ങൾ തർജ്ജിമ ചെയ്തിട്ടുണ്ട്. അതിനൊരു പ്രത്യേക സ്റ്റാഫ് ഗവണ്മെൻറിനുണ്ട്. ഇനി കൂടുതലായി ആളുകളെ വേണമോ?

ശ്രീ. സി. അച്യുതമേനോൻ: ഇപ്പോൾ തർജ്ജിമചെയ്യുന്നതു് അതാതവസരത്തിൽ പുതുതായി ഉണ്ടാകുന്ന പുസ്തകങ്ങളാണ്. ഈ രാജ്യത്തു് നിയമപുസ്തകങ്ങൾ തർജ്ജിമ ചെയ്തിട്ടില്ല. ഒരു ശതമാനംപോലും നിയമപുസ്തകങ്ങൾ തർജ്ജിമ ചെയ്തിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ചെലവു ചുരുക്കലിനെപ്പറ്റി പറഞ്ഞപ്പോൾ അതിനൊരുദ്യോഗസ്ഥനെ നിശ്ചയിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഡിപ്പാർട്ടുമെൻറുകളിൽ അനാവശ്യമായിട്ടുള്ള ചെലവുകൾ ഉണ്ട്. ഉദ്യോഗസ്ഥനെ നിശ്ചയിച്ചതുകൊണ്ട് വലിയ ഫലമൊന്നും ഉണ്ടായിട്ടില്ല. ആ വസ്തുതകൂടി ആലോചിക്കണം.

ശ്രീ. സി. അച്യുതമേനോൻ: ആലോചിക്കാം.

**Mr. Speaker**: Order, order. Mr. Chacko, what are the items that you want to oppose?

**Shri P. T. Chacko**: I will give it in a minute. But though this is not probably the proper time when I should raise this question, I may be permitted to raise the question of whether guillotine could be applied in the case of supplementary demands. I don't think it is possible in the case of supplementary demands to apply the guillotine. The procedure usually is this. A supplementary demand is for either of two reasons. One is for financing a new scheme or a new service The second is, because Government find that the funds already provided in the Budget are insufficient. If we are take the Precedent House of Commons, it is clear that in the case of supplementary demands, where the supplementary demands are asked for to meet insufficiencies in the Budget proposals, guillotine cannot be applied and the House should be given freedom to discuss them. In the other case, of course, the guillotine can be applied. Now, we are having a large number of supplementary demands in which both categories of demands are included. Now, I am reading a paragraph for the Speaker's consideration from page 678 of May's Parliamentary Practice, 14th Edition.

LIBRARY ARCHIVES Kerala Legislative Assembly

**"Supplementary Estimates due to Revealed insufficiencies**

Supplementary estimates due to the insufficiency of the original estimates are usually presented in February or March, are voted in Committee of Supply with debate unrestricted by any form of guilliotine, such as that which operates upon the main estimates."

Then again, if we are to look to the precedents in the House of the People, of course, there was one instance where this question was raised and the Deputy Speaker ruled that unless the House agrees to apply the guillotine, usually it cannot be done. So, I am afraid the guillotine cannot be applied today at 1 o' clock in the ordinary course. If the guillotine has to be applied, then only I need show the preference of demands which I would like to discuss. That is why I raise this point. If guillotine is to be applied, I will have to point out which demands the House would like to discuss.

**Mr. Speaker:** I was asking you on which particular items of this demand you want votes to be taken.

**Shri P. T. Chacko:** I then misunderstood your question. But all the same, my point is pertinent.

**Mr. Speaker:** Anyway, now that you have raised this question, I will give my decision on it. But before that, you please tell me the items which you oppose in this demand.

**Shri P. T. Chacko:** I shall point out the items which I oppose. Then after giving you that, if guillotine is to be applied at 1 o' clock, I may be allowed to point out the demands which may be discussed. Items 1 and 5 may be voted first.

The motion that a sum of Rs. 2,000 be reduced from the allotment under Demand No. IX was put and lost.

The motion that a sum of Rs. 2,52,300 be reduced from the allotment under Demand IX was put and lost

The question that a supplementary sum not exceeding Rs.5,03,900 be granted under Demand No. IX, 25, General Administration was put and carried.

The grant was made.

**Mr. Speaker:** Now, I think we have to decide upon some course of action relating to the Supplementary Demands. Mr. T. A. Thomman, it seems, pointed out to me the other day that the rule to be followed in respect of "Supplementary, additional, excess and exceptional grants" has been described in rule 152 of our Rules of Procedure and Conduct of Business; and the rule reads as follows:—

"Supplementary, additional, excess and exceptional grants and votes of credit. Supplementary, additional, excess and exceptional grants and votes of credit shall be regulated by the same procedure as is applicable in the case of demands for grants subject to such adaptations, whether by way of modification, addition or omission as the Speaker may deem to be necessary or expedient."

2/3710/V.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Speaker]

We have got a specific set of rules under the Rules of Procedure and Conduct of Business.

**Shri P. T. Chacko:** May I say that the rule is the same in the House of Commons?

**Mr. Speaker:** I do not deny that the practice in the House of Commons and the Lok Sabha is to the effect that the guillotine cannot be usually applied. But there have been instances in this House where in the case of Supplementary demands certain items of demand alone were discussed and the guillotine was applied. I think that there has already been an agreement between the Leader of the Opposition and the Leader of the House that only three days need be allotted for discussion of Supplementary Grants. In fact, I had asked the Leader of the Opposition as to how many days would be necessary for discussin, the Supplementary Demands.

**Shri P. T. Chacko:** That does not mean that I have agreed to the guillotine.

**Mr. Speaker:** Of course, it was agreed between the leader of the Opposition and the leader of the House that only three days should be allotted. I think that under the authority vested in me under Rule 152 I can apply the guillotine at 1 o' clock.

**Shri P. T. Chacko:** In that case, I may be permitted to point out the preference and the order in which we would like to discuss the rest of the demands.

Now, we may discuss, Demand No. XVII Education.

**Mr. Speaker:** The Minister for Education will move Supplementary Demand No. XVII — Education.

## II. Demand No. XVII — 37 Education.

*Minister for Education* **(Shri Joseph Mundasseri):** Sir, I move for a grant of Rs. 77,22,900 under Demand No. XVII — 37 Education.

*Minister for Works* **(Shri Abdul Majeed):** I second the motion.

*Minister for Education* **(Shri Joseph Mundasseri):** Sir, whatever matter on which explanation is required, I shall explain during the course of my reply.

ശ്രീ. കെ. ആർ. നാരായണൻ: മിനിസ്റ്ററുടെ പൊസിഷൻ ആദ്യം ക്ലാരിഫൈ ചെയ്താൽ ഞങ്ങൾക്ക് സംസാരിക്കുവാനുള്ള സൗകര്യം ഉണ്ട്.

മി. സ്പീക്കർ: മിനിസ്റ്റർ പറഞ്ഞില്ലെങ്കിൽ അതിന് ഞാൻ നിർബന്ധിക്കേണ്ട കാര്യമുണ്ടോ.

ശ്രീ. ടി. ഒ. ബാവ: സർ, 4 ലക്ഷം രൂപ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കുന്നതിന് വേണ്ടി വക കൊള്ളിച്ചതായി ഈ ഡിമാൻറിൽ കാണുന്നു. പ്രാഥമിക വിദ്യാലയങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായം നിറുത്തലാക്കാൻ ഉദ്ദേശിക്കുന്നതായി ഈ സഭയിലെ അംഗങ്ങൾക്ക് ഗവൺമെൻറ് ഉറപ്പുതന്നിട്ടുമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ ഷിഫ്റ്റ് ഉണ്ടായിരുന്ന സ്കൂളുകളിൽ, ഷിഫ്റ്റ് നിറുത്തൽ ചെയ്തിട്ട്, അവിടെ മതിയായ അദ്ധ്യാപകന്മാരെ കൊടുത്ത് വിദ്യാഭ്യാസം

LIBRARY ARCHIVES Kerala Legislative Assembly